# ACHARYA

An influential mentor

# WEEKLY EDITORIAL ANALYSIS – THE HINDU

27/02/22 - 05/03/22

www.acharyainfo.com

# A Testing vote 28-2-22

റഷ്യക്കെതിരെ ഐക്യരാഷ്ട്ര സഭയുടെ സുരക്ഷാ കൗൺസിലിൽ കൊണ്ടുവന്ന പ്രമേയം വീറ്റോ ചെയ്യപ്പെട്ട സാഹചര്യത്തിൽ ഐകരാഷ്ട്ര സഭയുടെ ജനറൽ കൗൺസിലിൽ പ്രമേയം പാസാക്കിയെടുക്കുക എന്നതാണ് അമേരിക്കയുടെയും യൂറോപ്യൻ രാജ്യങ്ങളുടെയും ശ്രമം. 2008ൽ ജോർജിയയിലേക്ക് സേനയെ അയച്ച വിഷയത്തിലും 2014 ൽ ക്രിമിയയിൽ അധിനിവേശം നടത്തിയപ്പോഴും റഷ്യക്കെതിരെ ഐക്യരാഷ്ട്ര സഭയുടെ സുരക്ഷാ കൗൺസിലിൽ കൊണ്ടുവന്ന പ്രമേയം റഷ്യ വീറ്റോ ചെയ്ത സാഹചര്യം ഉണ്ടായിരുന്നു.

ജനറൽ അസംബ്ലിയിലെ വോട്ടെടുപ്പിൽ നിന്നും ഇന്ത്യ വിട്ടുനിൽക്കുകയാണ് ഉണ്ടായത്. ഇത് അമേരിക്കയെ സംബന്ധിച്ചിടത്തോളവും അവരുടെ സഖ്യരാജ്യങ്ങളായ യൂറോപ്യൻ രാജ്യങ്ങളെ സംബന്ധിച്ചിടത്തോളവും നിരാശാജനകമായ ഒന്നായി മാറി. യുക്രൈനിലെ റഷ്യൻ അധിനിവേശത്തിനെതിരെ ഒരു പ്രസ്താവനക്കപ്പുറത്ത് ഒന്നും കാര്യമായി ചെയ്യാൻ ഐക്യരാഷ്ട്ര സഭക്കായിട്ടില്ല എന്ന് പറയേണ്ടിവരും. എന്നാൽ അമേരിക്കയും യൂറോപ്യൻ യൂണിയനും റഷ്യക്ക് മേൽ ഏർപ്പെടുത്തിയ ഉപരോധത്തിന് ഒരു പക്ഷെ യുദ്ധം ദീർഘകാലം നീട്ടികൊണ്ടുപോകുന്നതിൽനിന്നും റഷ്യയെ തടയാൻ സാധിച്ചേക്കും. കൂടാതെ അമേരിക്കയും ജർമനിയും ഉൾപ്പെടെയുള്ള ചില രാജ്യങ്ങൾ യുക്രൈന് ആയുധങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. എങ്കിലും നേരിട്ടുള്ള സൈനിക സഹായത്തിന് മാത്രമേ യുക്രൈനെ റഷ്യയുടെ ഭീഷണിയിൽ നിന്നും രക്ഷിക്കാനാകുകയുള്ളൂ.

വോട്ടെടുപ്പിന് മുൻപ് റഷ്യൻ പ്രെസിഡന്റിന്റെ ഫോൺ കോൾ എടുക്കാൻ എടുക്കാൻ ഇന്ത്യൻ പ്രധാനമന്ത്രി തീരുമാനിച്ചത്  റഷ്യക്കെതിരെ ഒരു നിലപാടെടുക്കാൻ ഇന്ത്യ തയാറല്ല എന്ന് കാണിക്കുന്നതാണ്. റഷ്യ ഇന്ത്യയുടെ സുപ്രധാന പ്രതിരോധ പങ്കാളി ആണെന്ന് മാത്രമല്ല കശ്മീർ വിഷയം സുരക്ഷാ കൗൺസിലിൽ വരുകയാണെങ്കിൽ ഇന്ത്യക്കനുകൂല നിലപാടെടുക്കാൻ തയ്യാറാകുന്ന രാജ്യവുമാണ്. ഇതുകൊണ്ടൊക്കെ തന്നെ റഷ്യക്കെതിരെയുള്ള വോട്ടെടുപ്പിൽ നിന്നും ഇന്ത്യ വിട്ടു നില്ക്കാൻ തീരുമാനിച്ചതിനെ മനസിലാക്കാം. എങ്കിലും ആഗോള നേതൃത്വത്തിന് ആഗ്രഹിക്കുന്ന ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഇത്തരത്തിൽ ആഗോള സുരക്ഷയെ തന്നെ വെല്ലുവിളിക്കുന്ന നടപടിക്കെതിരെ ശക്തമായ നിലപാടെടുക്കാത്തത് ദോഷകരമായി മാറിയേക്കാം.

ACHARYA An influential mentor

## 'Counting the costs', 1-3-22

യുക്രൈന് എതിരെയുള്ള യുദ്ധം റഷ്യ തുടർന്നുകൊണ്ടുപോകുന്ന സാഹചര്യത്തിൽ അമേരിക്കയും യു.കെ'യും യൂറോപ്യൻ യൂണിയനും റഷ്യക്കെതിരെയുള്ള ഉപരോധം കൂടുതൽ ശക്തമാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇത് ആഗോള തലത്തിൽ യുദ്ധം ഉണ്ടാക്കുന്ന ആഘാതം കൂടുതൽ ശക്തമാകുന്ന സാഹചര്യം സൃഷ്ട്ടിക്കും. അന്താരാഷ്ട്ര സമ്പത്ത്വ്യവസ്ഥയിൽ നിന്നും ഒറ്റപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ എസ്.ഡബ്ള്യു.ഐ.എഫ്.ടി.(SWIFT)

മെസ്സേജിങ് സംവിധാനത്തിൽ നിന്നും ചില റഷ്യൻ ബാങ്കുകളെ വിലക്കിയതുൾപ്പെടെയുള്ള നടപടികൾ റഷ്യൻ കറൻസിയുടെ മൂല്യം ഇടിക്കുക്ക സാഹചര്യത്തിലേക്ക് നയിച്ചു. റഷ്യക്ക് അവരുടെ ബെഞ്ച്മാർക്ക് പലിശ നിരക്ക് വലിയ രീതിയിൽ ഉയർത്തേണ്ടിവന്നു. റഷ്യ ഇന്ന് ശക്തമായ വിലക്കയറ്റം നേരിടുകയാണ്.

ഇതെല്ലാം യൂറോപ്യൻ രാജ്യങ്ങളുടെ ഉൾപ്പെടെയുള്ള പല സ്ഥാപനങ്ങളുടെയും റഷ്യയിലെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. റഷ്യയിൽ നിന്നുള്ള എണ്ണ കയറ്റുമതി കുറക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിലും യുദ്ധം എണ്ണ വിപണിയിൽ വലിയ വിലക്കയറ്റം സൃഷ്ടിക്കുകയാണ്. ഇതും ആഗോള തലത്തിൽ പ്രശ്നങ്ങൾ സൃഷ്ട്ടിക്കുന്ന ഒന്നാണ്.

ACHARYA
An influential mentor

## 'A cautionary tale' 2-3-22

വരുന്ന രണ്ടു പതിറ്റാണ്ടുകളിലായി ആഗോളതാപനത്തിൽ ഉണ്ടാകാൻ പോകുന്ന വർദ്ധനവ് വലിയ ദുരന്തങ്ങൾക്ക് ഇടവരുത്തുമെന്നും പ്രതീക്ഷിക്കുന്ന ആഗോളതാപനം ഉണ്ടാക്കുന്ന നഷ്ടങ്ങളിൽ ചിലത് തിരിച്ചുപിടിക്കാൻ പോലും സാധിക്കാത്തതാണെന്നും ഐ.പി.സി.സി.സി. റിപ്പോർട്ട് പറയുന്നു. മാത്രമല്ല 2021 ഗ്ലാസ്ഗോ ഉച്ചകോടിയിൽ ആഗോളതാപനം തടയാനായി വിവിധ രാജ്യങ്ങൾ ചെയ്യുമെന്ന് പ്രഖ്യാപിച്ച നടപടികൾ അടിയന്തരമായി കാലാവസ്ഥാവ്യതിയാനം തടയാൻ പര്യാപ്തമല്ല എന്നും റിപ്പോർട്ട് പറയുന്നു.

2070 ആകുമ്പോഴേക്കും ഇന്ത്യ നെറ്റ്-സീറോ കൈവരിക്കുമെന്നും 2030 ആകുമ്പോഴേക്കും രാജ്യത്തെ മൊത്തം ഊർജ്ജോൽപ്പാദനത്തിന്റെ 50

ശതമാനവും പുനർനിർമ്മിക്കാവുന്ന ഊർജ്ജസ്രോതസ്സുകളിൽ നിന്നായിരിക്കും എന്നും പ്രധാനമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ ഇവയൊന്നുംതന്നെ വരുന്ന രണ്ടുപതിറ്റാണ്ടിലെ 1.5 ഡിഗ്രി സെൽഷ്യസ് കടക്കുന്ന ആഗോളതാപനത്തെ തടയാൻ പര്യാപതമാകില്ല എന്ന് റിപ്പോർട്ട് പറയുന്നു. വായുവിലെ ഈർപ്പവും ചൂടും ഒരുമിച്ച് ആരോഗ്യത്തിൽ ഉണ്ടാക്കുന്ന ആഘാതം കാണിക്കുന്ന സാഹചര്യത്തെ റിപ്പോർട്ട് 'വെറ്റ് ബൾബ്' എന്ന പേരിലാണ് വിളിക്കുന്നത്. ആഗോളതാപനം ഇപ്പോഴത്തെ നിലയിൽ തുടർന്നാൽ ലക്നൗ, പാറ്റ്ന എന്നീ രാജ്യങ്ങൾ 'വെറ്റ് ബൾബ്' താപനമായ 35 ഡിഗ്രി സെൽഷ്യസ് എന്ന നിലയിലേക്ക് ഉയരുമെന്നും റിപ്പോർട്ട് പറയുന്നു. ബുബനേശ്വർ,ചെന്നൈ,മുംബൈ എന്നീ നഗരങ്ങൾ ഇതേ 'വെറ്റ് ബൾബ്' സാഹചര്യത്തിനടുത്തെത്തുമെന്നും റിപ്പോർട്ടിൽ പറയുന്നു. ആഗോളതാപനം കാരണമുണ്ടാകുന്ന കടൽനിരപ്പ് ഉയരുന്നസാഹചര്യം ഏറ്റവും കൂടുതൽ ബാധിക്കപ്പെടുന്ന രാജ്യങ്ങളിൽ  ഒന്നാണ് ഇന്ത്യ.  ഈ സാഹചര്യത്തിൽ കാലാവസ്ഥാവ്യതിയാനം തടയുന്നതിനാവശ്യമായ കാര്യങ്ങൾ കൂടുതൽ ഊർജിതമായി ഇന്ത്യ നടപ്പാക്കേണ്ടതുണ്ട്.

## 'Lines and roles' - 3-3-22

ACHARYA
An influential mentor

ഗവർണറും സംസ്ഥാനത്തെ തെരെഞ്ഞെടുക്കപ്പെട്ട സർക്കാരും തമ്മിലുള്ള പ്രശ്നങ്ങൾ രാജ്യത്ത് പുതുതല്ല. കേരള സർക്കാരും ഗവർണറും തമ്മിലുള്ള വിഷയങ്ങൾ ഇതിൽ ഏറ്റവും പുതിയതായി കാണാം. ഗവർണറായി നിയമിക്കപ്പെടുന്നതിന് അടുത്തകാലം വരെ രാഷ്ട്രീയപ്രവർത്തനരംഗത്ത് സജീവമായിരുന്ന ആളുകളെ ഗവർണറായി നിയമിക്കപ്പെടുന്നത് ഇത്തരം പ്രശ്നങ്ങൾക്ക് ഒരു കാരണമായി കാണാം. ഇവിടെ പ്രശ്നമായി മാറുന്നത് ഗവർണ്ണറുടെ അധികാരപരിധിയുമായി ബന്ധപ്പെട്ടു നിൽക്കുന്ന വിഷയങ്ങളാണ്. തെരഞ്ഞെടുക്കപ്പെടുന്ന സർക്കാരിന്റെ ഉപദേശപ്രകാരം ഗവർണ്ണർ പ്രവർത്തിക്കണമെന്ന് ഭരണഘടന പറയുമ്പോഴും ഭരണഘടനതന്നെ പറയുന്ന ചില സ്വയംനിർണ്ണയാവകാശങ്ങൾ ഉയർത്തിക്കൊണ്ടാണ് ഗവർണർമാർ സംസ്ഥാന സർക്കാരുകളുടെ തീരുമാനത്തിന് എതിരായി നിലകൊള്ളുന്നത്.

ചില പ്രത്യേക സാഹചര്യങ്ങൾ ഒഴിച്ചുനിർത്തിയാൽ മറ്റു സാഹചര്യങ്ങളിൽ തെരെഞ്ഞെടുക്കപ്പെട്ട സർക്കാരുകളുടെ ഉപദേശപ്രകാരം ആയിരിക്കണം ഗവർണർമാർ  പ്രവർത്തിയ്ക്കേണ്ടത് എന്ന് 1974 ൽ സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ച് വ്യക്തമാക്കിയിട്ടുള്ളതാണ്. വിധിയിൽ പറയുന്ന പ്രത്യേക സാഹചര്യങ്ങൾ രാജ്യത്ത് ഉണ്ടാകുകയും ചെയ്തിട്ടുണ്ട്.

ഈ വിഷയത്തിൽ പലപ്പോഴും പ്രശ്നമായി മാറുന്നത് ഭരണഘടനയിൽത്തന്നെയുള്ള വകുപ്പുകളാണ്. ഗവർണ്ണറുടെ ഒപ്പിനായി

സമർപ്പിക്കപ്പെടുന്ന ബില്ലുകളിൽ നടപടി എടുക്കാൻ സമയപരിധി ഭരണഘടന പറയുന്നില്ല. ആർട്ടിക്കിൾ 163 പ്രകാരം ഒരു വിഷയം തന്റെ സ്വയംനിർണ്ണയാവകാശത്തിന്റെ പരിധിയിൽ വരുന്നതാണോ അല്ലയോ എന്നതുമായി ബന്ധപ്പെട്ട് തർക്കം ഉണ്ടാകുകയാണെങ്കിൽ ഗവർണ്ണറുടെ തീരുമാനം അന്തിമമായിരിക്കും. മാത്രമല്ല ഗവർണ്ണറുടെ തീരുമാനം കോടതിയിൽ ചോദ്യം ചെയ്യാനും സാധിക്കില്ല.

ഈ സാഹചര്യത്തിൽ ഗവർണ്ണർക്ക് ഏതൊക്കെ വിഷയത്തിൽ സ്വയംനിര്ണയാവകാശം ഉണ്ട് എന്നത് വ്യക്തമായി നിര്ണയിക്കപ്പെടുക, ബില്ലുകളുട മേൽ തീരുമാനം എടുക്കുന്നതിന് സമയപരിധി നിശ്ചയിക്കുക, തുടങ്ങിയവ എത്രയും പെട്ടന്ന് പരിഗണിക്കപ്പെടേണ്ട ഒന്നാണ്.

## Not taking sides'

യുക്രൈനിലെ റഷ്യൻ അധിനിവേശത്തിനെതിരെയുള്ള പ്രമേയം ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലിയിൽ വലിയ ഭൂരിപക്ഷത്തോടെയാണ് പാസ്സാക്കപ്പെട്ടത്. സഭയുടെ സുരക്ഷാ കൗൺസിലിൽ അവതരിക്കപ്പെട്ട ഇതേ പ്രമേയം റഷ്യ വീറ്റോ ചെയ്യുകയാണുണ്ടായത്. ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയിലെ ഈ പ്രമേയത്തിന് കാര്യമായ സ്വാധീനം ഉണ്ടാക്കാൻ സാധിക്കിക്കുകയില്ലെങ്കിലും വിഷയത്തിൽ ലോകത്തിലെ ഭൂരിഭാഗം രാജ്യങ്ങളും ഒരേ നിലപാടിൽ ആണെന്ന് കാണിക്കാൻ ഇതിനായി. ബെലാറസും, ഉത്തര കൊറിയയും, സിറിയയും പ്രമേയത്തിനെതിരെ വോട്ട് ചെയ്തപ്പോൾ ഇന്ത്യ ഉൾപ്പെടെയുള്ള 35 രാജ്യങ്ങൾ വോട്ടെടുപ്പിൽ നിന്നും വിട്ടുനിന്നു.

ACHARYA

വോട്ടെടുപ്പിൽ നിന്നുള്ള ഇന്ത്യയുടെ വിട്ടുനിൽക്കൽ തീർച്ചയായും യൂറോപ്യൻ രാജ്യങ്ങളെ നിരാശപ്പെടുത്തുകയുണ്ടായത്. കഴിഞ്ഞ ആഴ്ചകളിലായി റഷ്യക്കെതിരെ കൊണ്ടുവന്ന മൂന്ന് വോട്ടെടുപ്പിൽ നിന്നും ഇന്ത്യ വിട്ടു നിൽക്കുകയാണുണ്ടായത്. ഐക്യരാഷ്ട്ര സഭയുടെ ഇന്ത്യയുടെ പ്രതിനിധി പറഞ്ഞത് യുക്രൈൻ വിഷയത്തിൽ ഇന്ത്യ ചർച്ച ആവശ്യപ്പെടുകയാണെന്നാണ്. എന്നാൽ വോട്ടെടുപ്പിൽ നിന്നും വിട്ടുനിന്നത് വിഷയത്തിൽ നയതന്ത്രപരമായ പങ്ക് വഹിക്കാനുള്ള സാധ്യത വർധിപ്പിച്ചു എന്ന് ചിലർ കരുതുന്നു.

യുദ്ധം തുടരുകയും കൂടുതൽ രാജ്യങ്ങൾ യുദ്ധത്തെ ശക്തമായി അപലപിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ നയതന്ത്രപരമായി വിട്ടു നിൽക്കുന്ന നിലപാട് ഇന്ത്യക്ക് ഗുണം ചെയ്തെന്ന് വരില്ല. പ്രത്യേകിച്ച് ആഗോള നേതൃത്വം ആഗ്രഹിക്കുന്ന ഇന്ത്യയുടെ സ്വപ്നങ്ങൾക്ക് ഇത് തിരിച്ചടിയായേക്കും.